**മുഹമ്മദ്നബിയുടെ വ്യക്തിത്വം കുടികൊള്ളുന്നത് അദ്ദേഹം ഒരു ദൈവദൂതനായിരുന്നു എന്ന വസ്തുതയിലാണ്. ഇതരപ്രവാചകന്മാരെ പേരെടുത്തു വിളിച്ച ഖുർആൻ മുഹമ്മദ്നബിയെ 'ഹേ, നബീ' എന്നേ വിളിക്കുന്നുള്ളൂ. ആദ്യവും അവസാനവും അദ്ദേഹം ദൈവദൂതനായിരുന്നു.**

ജീവജാലങ്ങൾക്കെല്ലാം പ്രകൃത്യാതന്നെ ഒരു ജീവിതക്രമമുണ്ട്. ജന്മവാസനയാണ് അവയെ നയിക്കുന്നത്. ആ ജീവിതക്രമത്തിനു പകരം മറ്റൊന്ന് തെരഞ്ഞെടുക്കാൻ അവയ്ക്കാവില്ല. എന്നാൽ, മനുഷ്യന്റെ സ്ഥിതി വ്യത്യസ്തമാണ്. അവന്റെ ജീവിതരീതി അവൻ സ്വയം തെരഞ്ഞെടുക്കേണ്ടതാണ്. അതിനാൽ അവന് ഒരു മാർഗദർശകൻ ആവശ്യമായിവരുന്നു. മനുഷ്യന് ജീവിതവും ജീവിതവിഭവങ്ങളും നൽകിയ ദൈവം ആ ഉത്തരവാദിത്വവും ഏറ്റെടുത്തു. മാർഗദർശനം നൽകാൻ ദൈവം പ്രവാചകന്മാരെ നിയോഗിച്ചു. ലക്ഷക്കണക്കിന് പ്രവാചകന്മാർ ഈ ഭൂമുഖത്ത് ആഗതരായിട്ടുണ്ട്. ആദ്യമനുഷ്യനായ ആദംതന്നെ പ്രവചകനായിരുന്നു. പിന്നീട് മനുഷ്യൻ വഴിതെറ്റിപ്പോയപ്പോഴെല്ലാം, അവനെ നേർവഴിക്ക് നയിക്കാൻ ചരിത്രത്തിന്റെ വിവിധ ഘട്ടങ്ങളിൽ പ്രവാചകന്മാർ ആഗതരായി. 'പ്രവാചകന്മാർ വരാത്ത ഒരു സമൂഹവുമില്ല' എന്ന് ഖുർആൻ പറയുന്നുണ്ട് (35:24, 40:78). ഖുർആൻ, ബൈബിൾ തുടങ്ങിയ വേദഗ്രന്ഥങ്ങൾ ഇരുപത്തഞ്ചോളം പ്രവാചകന്മാരെ പേരെടുത്തു പറയുകയും അവരിൽ ചിലരുടെ ജീവിതകഥ വിവരിക്കുകയും ചെയ്യുന്നു. നൂഹ്, ഇബ്റാഹീം, യൂസുഫ്, മൂസാ തുടങ്ങിയവർ അക്കൂട്ടത്തിൽ പ്രധാനികളാണ്. ഈ പ്രവാചകശൃംഖലയിലെ ഒടുവിലത്തെ കണ്ണിയാണ് ദൈവദൂതനായ മുഹമ്മദ്(സ).* അദ്ദേഹത്തിനു ശേഷം മറ്റൊരു പ്രവാചകൻ ഭൂമുഖത്ത് ആഗതനായിട്ടില്ല (33:40).


## ജനനം, ബാല്യം, വിവാഹം

ക്രിസ്ത്വബ്ദം 571-ൽ, മുസ്‌ലിം കലണ്ടറിലെ മൂന്നാമത്തെ മാസമായ റബീഉൽ അവ്വൽ പന്ത്രണ്ട് തിങ്കളാഴ്ചയാണ് നബി ജനിച്ചതെന്നാണ് ഭൂരിപക്ഷം ചരിത്രകാരന്മാരുടെയും അഭിപ്രായം. മുഹമ്മദിന്റെ ജനനത്തിനു മൂന്നു മാസം മുമ്പേ പിതാവ് അബ്ദുല്ല മരിച്ചുപോയിരുന്നു. അതിനാൽ പിതാമഹനായ അബ്ദുൽമുത്ത്വലിബിന്റെ വസതിയിലാണ് മുഹമ്മദ് ജനിച്ചതും വളർന്നതും. പേരിട്ടതും അദ്ദേഹംതന്നെ. 'വാഴ്ത്തപ്പെട്ടവൻ' എന്നാണതിനർഥം. മുലയൂട്ടിന് നവജാതശിശുക്കളെ ഗ്രാമങ്ങളിലയക്കുന്ന പതിവുണ്ടാ

* പ്രവാചകന്റെ പേരു കേൾക്കുന്നവർ *സ്വല്ലല്ലാഹു അലൈഹി വസല്ലം* (അദ്ദേഹത്തിനു മേൽ ദൈവത്തിന്റെ അനുഗ്രഹാശിസ്സുകളുണ്ടാവട്ടെ) എന്ന പ്രാർഥന ഉരുവിടുന്നത് മതപരമായ ധർമമാകുന്നു. എഴുതുമ്പോൾ അതിന്റെ ആദ്യ അക്ഷരമായ 'സ' ബ്രേക്കറ്റിലിടുക മുസ്‌ലിം എഴുത്തുകാർ സ്വീകരിച്ചിട്ടുള്ള ഒരു സമ്പ്രദായമാണ്.

# ദൈവദൂതനായ മുഹമ്മദ്നബി

കെ.പി. കമാലുദ്ദീൻ



യിരുന്നു അന്ന്. അതനുസരിച്ച് ഹലീമ എന്ന സ്ത്രീയുടെ കൂടെ മുഹമ്മദ് ഗ്രാമത്തിൽ കഴിഞ്ഞു. അഞ്ചുവർഷത്തിനു ശേഷം മാതാവായ ആമിനക്ക് പുത്രനെ തിരിച്ചേൽപിച്ചു. പക്ഷേ, അടുത്തവർഷം മാതാവും പരലോകം പൂകി. അങ്ങനെ ആറാം വയസ്സിൽ മുഹമ്മദ് തീർത്തും അനാഥനായിത്തീർന്നു. മുഹമ്മദിന് എട്ടു വയസ്സെത്തിയ വർഷം പിതാമഹൻ അബ്ദുൽമുത്ത്വലിബും നിര്യാതനായി. പിന്നീട് പിതൃസഹോദരനായ അബൂത്വാലിബിന്റെ സംരക്ഷണത്തിലായി.

അബൂത്വാലിബ് ഒരിടത്തരം വ്യാപാരിയായിരുന്നു. വ്യാപാരയാത്രകളിൽ അബൂത്വാലിബിന് കൂട്ടുപോയതുവഴി വ്യാപാരത്തിന്റെ ആദ്യപാഠങ്ങളും മരുഭൂമിയിലെ സഞ്ചാരപഥങ്ങളും പന്ത്രണ്ടാംവയസ്സിൽ ആ ബാലൻ വശത്താക്കി. ആ പ്രായത്തിൽ ഇടയവൃത്തിയിലും ഏർപ്പെടുകയുണ്ടായി. ഈ ജീവിതാനുഭവങ്ങൾ പിൽക്കാലത്ത് അദ്ദേഹം അനുസ്മരിക്കുമായിരുന്നു. ഇടയവൃത്തിയുമായി കഴിഞ്ഞുകൂടവെയാണ് ജീവിതത്തിന്റെ ഗതിമാറ്റിയ ഒരു വ്യാപാരയാത്രയ്ക്ക് അവസരം ലഭിച്ചത്. സമ്പന്നയും അഭിജാതയുമായ ഖദീജ എന്ന വ്യാപാരി സ്ത്രീക്കു വേണ്ടി ശാമി(ആധുനിക സിറിയ)ലേക്കൊരു യാത്ര. വൻലാഭവുമായി തിരിച്ചുവന്ന മുഹമ്മദിന്റെ ഗുണഗണങ്ങൾ കൂടെപ്പോയ മൈസറ എന്ന അടിമയിൽനിന്ന് കേട്ടറിഞ്ഞ ഖദീജക്ക് മുഹമ്മദിനോട് തോന്നിയ മതിപ്പ് അവരുടെ വിവാഹത്തിൽ കലാശിച്ചു. ഖദീജ ആറു മക്കളെ പ്രസവിച്ചു. രണ്ടാണും നാല് പെണ്ണും. ആൺമക്കൾ ചെറുപ്പത്തിലേ മരിച്ചു.

## ദിവ്യബോധനം -വഹ്‌യ്

സമ്പന്നയായ ഖദീജയുമായുള്ള വിവാഹം മുഹമ്മദിന്റെ ഭൗതിക ജീവിതസാഹചര്യങ്ങളിൽ മാറ്റം വരുത്തിയെങ്കിലും അന്നത്തെ സാമൂഹികചുറ്റുപാടിൽ അദ്ദേഹത്തിന് സംതൃപ്തി കൊള്ളാനായില്ല. മറിച്ചദ്ദേഹം പുതിയൊരാധ്യാത്മികലോകത്തേക്ക് നീങ്ങുകയായിരുന്നു. ആധ്യാത്മികചിന്തയുള്ള ആളുകൾ പ്രതിവർഷം ഒരു നിശ്ചിതകാലം ആരാധനയ്ക്കും ധ്യാനത്തിനുമായി നീക്കിവയ്ക്കുക പതിവുണ്ടായിരുന്നു അന്ന്. നാൽപതിലെത്തിയ മുഹമ്മദും ആ പാത പിന്തുടർന്നു. മക്കാനഗരത്തിൽനിന്നും രണ്ടു നാഴിക വടക്കുള്ള ഹിറാ പർവതത്തിന്റെ ഉച്ചിയിലെ ഒരു ഗുഹയിൽ റമദാൻ മാസം മുഴുവൻ അദ്ദേഹം കഴിച്ചുകൂട്ടുമായിരുന്നു. തന്റേതായ രീതിയിൽ സത്യത്തിനു വേണ്ടിയുള്ള ഒരന്വേഷണം കൂടിയായിരുന്നു ആ ധ്യാനം. ജനങ്ങൾ വച്ചുപുലർത്തുന്ന വൈവിധ്യമാർന്ന വിശ്വാസങ്ങൾക്കും ആചാരങ്ങൾക്കും പകരം മറ്റൊന്നിനുവേണ്ടിയുള്ള അന്വേഷണം. ഈ ബ്രഹ്മാണ്ഡകടാഹത്തിൽ നിലീനമായി നിലനിൽക്കുന്ന ഏതോ ഉദാത്തസത്യത്തിനു വേണ്ടിയുള്ള തേട്ടം.

ഒരു ദിവസം ഹിറാഗുഹയിൽ ധ്യാനനിരതനായിരിക്കെ അദ്ദേഹത്തിന് ദൈവത്തിൽനിന്ന് സന്ദേശം ലഭിച്ചു. ഒരു മാലാഖ (മലക്ക്) അദ്ദേഹത്തെ സമീപിച്ച് ആശ്ലേഷിച്ച് 'വായിക്കുക' എന്നാജ്ഞാപിച്ചു. ജീവിതത്തിലൊരിക്കൽപോലും വായിച്ചിട്ടില്ലാത്ത നിരക്ഷരനായ മുഹമ്മദ് പേടിച്ചരണ്ടു. 'എനിക്ക് വായിക്കാനറിയില്ല'- അദ്ദേഹം പറഞ്ഞു. മാലാഖ രണ്ടാമതും ശക്തിയായി പുണർന്ന് വായിക്കാനാവശ്യപ്പെട്ടു. അപ്പോഴും പറഞ്ഞു: 'എനിക്കറിയില്ല'. മൂന്നാമതും പിടിച്ച് ഞെരിച്ചേക്കുമോ എന്ന ഭയത്താൽ അദ്ദേഹം ചോദിച്ചു: 'ഞാനെന്താണ് വായിക്കേണ്ടത്?' അപ്പോൾ മാലാഖ പറഞ്ഞു കൊടുത്തു: "വായിക്കുക! സൃഷ്ടിച്ചവനായ നിന്റെ നാഥന്റെ നാമത്തിൽ! മനുഷ്യൻ അവനെ രക്തപിണ്ഡത്തിൽനിന്ന് സൃഷ്ടിച്ചിരിക്കുന്നു. വായിക്കുക! നിന്റെ നാഥൻ അത്യുദാരനത്രെ! പേനകൊണ്ട് പഠിപ്പിച്ചവൻ. മനുഷ്യനെ അവനറിയാത്തത് പഠിപ്പിച്ചവൻ!" മുഹമ്മദ് ആ വാക്യങ്ങളേറ്റുപറഞ്ഞു. മാലാഖ അപ്രത്യക്ഷനായി. ആ വാക്യങ്ങൾ അദ്ദേഹത്തിന്റെ മനസ്സിൽ കൊത്തിവച്ച പോലെയായി.

പക്ഷേ, അദ്ദേഹം ഭയന്നു വിറയ്ക്കുന്നുണ്ടായിരുന്നു. സംഭവിച്ചതെന്താണെന്ന് അദ്ദേഹത്തിന് മനസ്സിലായിരുന്നില്ല. അദ്ദേഹം ഗുഹ വിട്ടോടി: 'എന്നെ പുതപ്പിക്കൂ' എന്ന് നിലവിളിച്ചുകൊണ്ട് ഓടിവന്ന പ്രിയതമനെ ഖദീജ പുതപ്പിട്ടുമൂടി. അപ്പോൾ വീണ്ടും മാലാഖയുടെ ശബ്ദം: "അല്ലയോ മൂടിപ്പുതച്ചുകിടക്കുന്നവനേ! എഴുന്നേൽക്കുക! മുന്നറിയിപ്പ്

നൽകുക! നിന്റെ നാഥന്റെ മഹത്വം പ്രകീർത്തിക്കുക. വസ്ത്രങ്ങൾ ശുദ്ധീകരിക്കുക. അശുദ്ധിയിൽനിന്ന് അകന്നുനിൽക്കുക. ലാഭം പ്രതീക്ഷിച്ച് ഔദാര്യം ചെയ്യാതിരിക്കുക. നിന്റെ നാഥന്റെ പേരിൽ ക്ഷമ കൈക്കൊള്ളുക". മുഹമ്മദിന് കാര്യം ബോധ്യമായി. ദുഷ്കർമങ്ങളുടെ പരിണതിയെക്കുറിച്ച് ജനങ്ങൾക്ക് താക്കീതു നൽകാനും അവരെ സംസ്കരിച്ചുദ്ധരിക്കാനും ദൈവം നിയോഗിച്ച ദൂതനാണ് താനെന്ന സത്യം അദ്ദേഹം ഉൾക്കൊണ്ടു. സ്വന്തം അമ്മാവനും വേദശാസ്ത്രങ്ങളിൽ പ്രവീണനുമായ വറഖത്തുബ്നു നൗഫലിനെ സമീപിച്ച് പ്രിയതമനുണ്ടായ അനുഭവങ്ങളുടെ യാഥാർഥ്യം ഗ്രഹിച്ച് തിരിച്ചുവന്ന ഖദീജയും അത് സ്ഥിരീകരിച്ചു.

## എതിർപ്പുകൾ

മുഹമ്മദ് പ്രബോധനം ആരംഭിച്ചു. ആദ്യമാദ്യം സ്വന്തം ബന്ധുക്കളും ഉറ്റവരുമായ ആളുകളെയാണ് പ്രബോധനം ചെയ്തത്. അടുത്തറിയുന്ന ആരും അദ്ദേഹത്തെ സംശയിച്ചില്ല. ചെറുപ്പന്നേ അദ്ദേഹം 'അൽഅമീൻ' (വിശ്വസ്തൻ) ആയിരുന്നല്ലോ അവർക്ക്. പ്രിയപത്നി ഖദീജ തന്നെയായിരുന്നു ആദ്യത്തെ വിശ്വാസി. തുടർന്ന് അബൂബക്ർ, അലി, ഉസ്മാൻ തുടങ്ങി അടുത്ത ബന്ധുക്കളും മിത്രങ്ങളുമായ പലരും ഇസ്‌ലാം ആശ്ലേഷിച്ചു.

മൂന്നു വർഷത്തിനുശേഷമാണ് പൊതുജനങ്ങളിൽ പ്രബോധനം ആരംഭിക്കാനുള്ള ദൈവികനിർദേശം ലഭിച്ചത്. അതിനായി അദ്ദേഹം മക്കാനഗരത്തിനു സമീപമുള്ള സ്വഫാമലയുടെ താഴ്‌വരയിൽ ജനങ്ങളെ വിളിച്ചുകൂട്ടി ചോദിച്ചു: "ഈ മലയുടെ പിന്നിൽനിന്ന് ഒരശ്വസേന നിങ്ങളെ ആക്രമിക്കാൻ വരുന്നുവെന്ന് ഞാൻ പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുകയില്ലേ?" ജനം പ്രതികരിച്ചു: "തീർച്ചയായും! നീ ഇന്നേവരെ ഒരു നുണ പറഞ്ഞതായി ഞങ്ങൾക്കറിയില്ലല്ലോ?". അപ്പോഴദ്ദേഹം പറഞ്ഞു: "എന്നാൽ, കഠിനമായ ശിക്ഷയെക്കുറിച്ച മുന്നറിയിപ്പുകാരനാണ് ഞാൻ. നിങ്ങൾ ഏകദൈവത്തിൽ വിശ്വസിക്കുന്നില്ലെങ്കിൽ ഈ ലോകത്ത് വല്ല ഗുണമോ പരലോകത്ത് വല്ല നേട്ടമോ നിങ്ങൾക്കുറപ്പു തരാൻ എനിക്ക് സാധ്യമല്ല". ഇത് കേൾക്കേണ്ട താമസം, മക്കയിലെ പ്രമാണിമാർ ഇളകിവശായി. എതിർപ്പുകളുടെയും പീഡനങ്ങളുടെയും നാളുകളായിരുന്നു പിന്നെ. പക്ഷേ, നബി തന്റെ ദൗത്യം തുടർന്നു. പലരും ഇസ്‌ലാം സ്വീകരിച്ചു. മക്കയിലെ പ്രമാണിമാർക്ക് പൊറുതിമുട്ടി. ഭരണാധികാരവും സമ്പത്തും സൗന്ദര്യവതികളെയും വാഗ്ദാനം ചെയ്ത് പ്രലോഭിപ്പിച്ചുനോക്കി. അദ്ദേഹം പിന്മാറിയില്ല. വലംകൈയിൽ സൂര്യനും ഇടംകൈയിൽ ചന്ദ്രനും വച്ചുതന്നാൽപോലും പിന്മാറില്ലെന്ന് അദ്ദേഹം പ്രഖ്യാപിച്ചു.

> **മുഹമ്മദ്നബിയുടെ ബഹുമുഖവ്യക്തിത്വം, അദ്ദേഹത്തെ നിഷ്പക്ഷമായി പഠിക്കാൻ ശ്രമിച്ചിട്ടുള്ള പാശ്ചാത്യരും പൗരസ്ത്യരുമായ ചിന്തകരെ അമ്പരപ്പിച്ചിട്ടുണ്ട്. അത്രമാത്രം വൈവിധ്യം നിറഞ്ഞതാണ് ആ വ്യക്തിത്വം**

വിശ്വാസികളുടെ വർധിച്ചുവന്ന അംഗസംഖ്യ മറ്റു വഴികൾ തേടാൻ മക്കാപ്രമാണിമാരെ പ്രേരിപ്പിച്ചു. നബിക്കും പുതുവിശ്വാസികൾക്കും നേരെ അവർ മർദനങ്ങളഴിച്ചുവിട്ടു. പ്രവാചകൻ നടക്കുന്ന വഴിയിൽ മുള്ളുകൾ വിതറുക, മാലിന്യശേഖരങ്ങൾ വലിച്ചെറിയുക, വിശ്വാസികളെ ചുട്ടുപഴുത്ത മണലിൽ മലർത്തിക്കിടത്തി നെഞ്ചിൽ പാറക്കല്ലുകൾ കയറ്റിവയ്ക്കുക, ചാട്ടവാർ കൊണ്ടടിക്കുക തുടങ്ങിയവയായിരുന്നു മർദനമുറകൾ. മർദനം അസഹ്യമായപ്പോൾ നബി തന്റെ അനുയായികളോട് അയൽരാജ്യമായ അബ്സീനിയ(ആധുനിക എത്യോപ്യ)യിലഭയം തേടാൻ നിർദേശിച്ചു. ക്രൈസ്തവരാജാവ് നേഗസ് ആയിരുന്നു അവിടം ഭരിച്ചിരുന്നത്. അബ്സീനിയയിലഭയം തേടിയ മുസ്‌ലിംകളെ തിരിച്ചുകൊണ്ടുവരാൻ മക്കാപ്രമാണിമാർ ശ്രമിച്ചെങ്കിലും നേഗസ് അവരെ വിട്ടുകൊടുത്തില്ല. പ്രവാചകന്റെ മദീനാകുടിയേറ്റം വരെ അവരവിടെ കഴിഞ്ഞു. അബ്സീനിയയിലേക്ക് നടത്തിയ ഈ കുടിയേറ്റം ഇസ്‌ലാമിലെ പ്രഥമ ഹിജ്റ എന്നറിയപ്പെടുന്നു. (ഒരു നാട്ടിൽനിന്ന് മറ്റൊന്നിലേക്ക് കുടിയേറുന്നതിനാണ് ഹിജ്റ എന്നു പറയുന്നത്. 'പലായനം' എന്ന് പൊതുവെ നൽകിവരാറുള്ള പരിഭാഷ ഹിജ്റയുടെ യഥാർഥ ആശയം വ്യക്തമാക്കുന്നില്ല.). മർദനമുറകൾ നിഷ്ഫലമാണെന്ന് കണ്ട മക്കാപ്രമുഖർ മറ്റൊരു തന്ത്രം മെനഞ്ഞു. പ്രവാചകനെയും കുടുംബത്തെയും ബഹിഷ്കരിക്കുക. അതിന്നവർ ഒരു ബഹിഷ്കരണക്കരാർ തയാറാക്കി, ഏകകണ്ഠമായംഗീകരിച്ചു. അതനുസരിച്ച് പ്രവാചകകുടുംബവുമായി വിവാഹമോ ക്രയവിക്രയമോ പാടില്ലായിരുന്നു. ഭക്ഷ്യവസ്തുക്കളോ മറ്റു അവശ്യവസ്തുക്കളോ നൽകിക്കൂടാ. ഈ ഉപരോധം മൂന്നു വർഷം നീണ്ടു. ശിഅ്ബ് അബീത്വാലിബ് എന്നറിയപ്പെടുന്ന ഒരു താഴ്‌വരയിലാണ് അവർ കഴിഞ്ഞത്. ജനസമ്പർക്കമോ വിശപ്പടക്കാൻ ഭക്ഷണമോ ഇല്ലാത്ത ദുരിതപൂർണമായ മൂന്നു വർഷങ്ങൾ. പ്രവാചകത്വത്തിന്റെ പത്താംവർഷം അവിശ്വാസികളായ ചിലർതന്നെ കിരാതമായ ഈ ബഹിഷ്കരണനടപടി പിൻവലിക്കാൻ നേതാക്കന്മാരെ നിർബന്ധിച്ചു. അങ്ങനെ അവരതവസാനിപ്പിച്ചു. ആ വർഷം പ്രിയപത്നി ഖദീജയും പിതൃസഹോദരൻ അബൂത്വാലിബും മരണപ്പെട്ടു. ഈ സാഹചര്യത്തിൽ, അടുത്ത പട്ടണമായ ത്വാഇഫിലെ ബന്ധുജനങ്ങളുടെ സഹായം പ്രതീക്ഷിച്ച് അദ്ദേഹം അങ്ങോട്ടു ചെന്നു. നിരാശയായിരുന്നു ഫലം. ത്വാഇഫുകാർ നബിയെ കല്ലെറിഞ്ഞും കൂക്കിവിളിച്ചും ഓടിച്ചു.

## മദീനയിലേക്ക്

മുഹമ്മദ് നബിക്ക് 2500 വർഷം മുമ്പേ, ഇബ്റാഹീംനബി ഏർപ്പെടുത്തിയ ഹജ്ജ്കർമം മക്കയിൽ നടന്നുവന്നിരുന്നു. അറേബ്യയുടെ നാനാഭാഗത്തുനിന്നും ആളുകൾ ഹജ്ജിനെത്തും. അവരോട് ഇസ്‌ലാമിനെക്കുറിച്ച് പ്രസംഗിക്കുക നബി പതിവാക്കി. അക്കൂട്ടത്തിൽ മക്കയിൽനിന്നും 200 നാഴിക അകലെയുള്ള യസ്‌രിബ്നിവാസികളുമുണ്ടായിരുന്നു. അവരിൽ ചിലർ ഇസ്‌ലാം ആശ്ലേഷിക്കുകയും യസ്‌രിബിൽ ഇസ്‌ലാം പ്രചരിപ്പിക്കുകയും ചെയ്തു. അതുവഴി അവിടെ ഇസ്‌ലാംവിശ്വാസികൾ വർധിച്ചുവന്നു. അവർ പ്രവാചകന് സർവവിധ സംരക്ഷണവും വാഗ്ദാനംചെയ്ത് അദ്ദേഹത്തെ അങ്ങോട്ട് ക്ഷണിച്ചു. അതിനിടെ മക്കയിലെ അവിശ്വാസികളുടെ മർദനമുറകൾ അതിന്റെ പാരമ്യത്തിലെത്തിയിരുന്നു. അതിനാൽ തന്റെ അനുയായികളോട് യസ്‌രിബിലേക്ക് കുടിയേറാൻ അദ്ദേഹം നിർദേശിച്ചു പ്രവാചകൻകൂടി യസ്‌രിബിലേക്ക് പോയ്ക്കളഞ്ഞാലുണ്ടാവുന്ന ഭവിഷ്യത്ത് മണത്തറിഞ്ഞ മക്കാപ്രമാണിമാർ അദ്ദേഹത്തെ വധിക്കാൻ തീരുമാനിച്ചു. പക്ഷേ, അവരുടെ കണ്ണുവെട്ടിച്ച് അദ്ദേഹവും യസ്‌രിബിലേക്ക് കുടിയേറി. യസ്‌രിബിൽ പ്രവാചകന് ഊഷ്മളമായ സ്വീകരണം ലഭിച്ചു. യസ്‌രിബുകാർ തങ്ങളുടെ നഗരത്തിന് 'മദീനത്തുന്നബി' (പ്രവാചകന്റെ നഗരം) എന്ന് പേരിട്ടു. പിന്നീട് 'നബി' എന്ന പദം ലോപിച്ച് മദീന മാത്രമായി. ഈ കുടിയേറ്റം പ്രവാചകജീവിതത്തിലെയും ഇസ്‌ലാമികചരിത്രത്തിലെയും സുപ്രധാന വഴിത്തിരിവായിരുന്നു. മുസ്‌ലിംകലണ്ടർ ആരംഭിക്കുന്നത് ഈ ഹിജ്റ തൊട്ടാണ്.

## രാഷ്ട്രനിർമാണം

നബിയും മുസ്‌ലിംകളും യസ്‌രിബിലെത്തിയതോടെ ഇസ്‌ലാമി

കസമൂഹത്തിന് ഒരു നവരൂപം കൈവന്നു. ഒരു മാതൃകാ സമൂഹത്തിന്റെയും മാതൃകാരാഷ്ട്രത്തിന്റെയും സൃഷ്ടിക്ക് അത് തുടക്കംകുറിച്ചു. ഏകദൈവത്തിലുള്ള വിശ്വാസത്തിലൂന്നി, ഒരേകനേതൃത്വത്തിന്റെയും ഒരേ നിയമവ്യവസ്ഥയുടെയും കീഴിൽ അദ്ദേഹം മുസ്‌ലിംകളെ ഏകീകരിച്ചു. സാമൂഹികസുരക്ഷയും ആഭ്യന്തരസമാധാനവും ലക്ഷ്യംവച്ച് ഒരു ടമ്പടിക്ക് രൂപംനൽകി. വിവിധ മുസ്‌ലിം-അമുസ്‌ലിംഗോത്രങ്ങൾ അതിൽ ഒപ്പുവച്ചു. തുല്യാവകാശങ്ങളും ബാധ്യതകളും ഉറപ്പുവരുത്തുന്ന ആ ഉടമ്പടിയിൽ ജൂതഗോത്രങ്ങളും പങ്കാളികളായി. ഈ ഉടമ്പടി, ആധുനിക രാഷ്ട്രതന്ത്രജ്ഞരുടെ പോലും പ്രശംസ പിടിച്ചുപറ്റിയിട്ടുണ്ട്.

പുതുതായി രൂപംകൊണ്ട ഇസ്‌ലാമികരാഷ്ട്രവും സമൂഹവും മക്കയിലെ പ്രമാണിമാരുടെ ഉറക്കംകെടുത്തി. മുഹമ്മദിന്നഭയം നൽകിയ യസ്‌രിബുകാരോടുള്ള അമർഷം അവരുടെ മനസ്സിൽ നീറിപ്പടർന്നു. അത് യുദ്ധങ്ങളിലേക്ക് നയിച്ചു. ബദ്ർ, ഉഹ്ദ്, ഖൻദഖ് യുദ്ധങ്ങൾ. മദീനാകുടിയേറ്റത്തിനു ശേഷം അഞ്ചുവർഷത്തോളം പ്രവാചകനോ മുസ്‌ലിംകളോ മക്കയിലേക്ക് പോയില്ല. ആറാംവർഷം കഅ്ബാദേവാലയത്തിലേക്കുള്ള തീർഥാടനം മാത്രം ഉദ്ദേശിച്ച് പ്രവാചകനും ഏതാനും അനുയായികളും മക്കയിലേക്ക് പുറപ്പെട്ടു. പക്ഷേ, മക്കക്കാർ അവർക്ക് പ്രവേശനാനുമതി നിഷേധിച്ചു. ഇരുഭാഗത്തുനിന്നുമുള്ള മധ്യസ്ഥന്മാർ മുഖേന അവർ ഒരു സന്ധിയിലെത്തി. ഹുദൈബിയാ എന്ന സ്ഥലത്തു വച്ചുണ്ടായ സന്ധിയായതിനാൽ അത് ഹുദൈബിയാ സന്ധി എന്നറിയപ്പെടുന്നു. പ്രഥമദൃഷ്ട്യാ മുസ്‌ലിംകൾക്ക് അനുകൂലമല്ലാതിരുന്ന ആ സന്ധി പ്രവാചകൻ വിട്ടുവീഴ്ച ചെയ്തതു കൊണ്ടുമാത്രമാണ് നടപ്പിലായത്. സന്ധിയെത്തുടർന്ന് നിലവിൽവന്ന സമാധാനാന്തരീക്ഷം പ്രവാചകൻ ശരിക്കും ഉപയോഗപ്പെടുത്തി. പേർഷ്യ, റോം, ഈജിപ്ത്, സിറിയ, യമൻ തുടങ്ങിയ രാഷ്ട്രങ്ങളിലെ ഭരണാധികാരികളെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചുകൊണ്ട് സന്ദേശങ്ങളയക്കാൻ അതുപകരിച്ചു.

**മുഹമ്മദ്നബി ഖുർആന്റെ പ്രബോധനകനും അതോടൊപ്പം അതിന്റെ പ്രായോഗികവ്യാഖ്യാതാവുമാണ്. ഖുർആൻ പൊതുവായി പറയുന്ന തത്ത്വങ്ങൾ ജീവിതത്തിൽ എങ്ങനെ പ്രയോഗവത്കരിക്കണം എന്ന് സ്വന്തം ജീവിതത്തിലൂടെ കാണിച്ചുകൊടുക്കുക എന്ന ബാധ്യതയാണ് പ്രവാചകൻ നിർവഹിച്ചത്**

ഹിജ്റ എട്ടാം വർഷം മക്കക്കാർ പ്രവാചകപക്ഷക്കാരായ ഒരു ഗോത്രത്തെ ആക്രമിച്ചുകൊണ്ട് സന്ധി ലംഘിച്ചു. ഒരു സൈനികനടപടിയിലാണത് കലാശിച്ചത്. പതിനായിരം പേരടങ്ങിയ ആ സൈന്യത്തെ എതിരിടാൻ മക്കയിലാരും തയാറായില്ല. അങ്ങനെ ഒരാളുടെ പോലും രക്തംചിന്താതെ മക്കാനഗരം പ്രവാചകന്റെ അധീനത്തിലായി. മക്കയിൽ ജീവിച്ച കാലത്ത് പ്രവാചകനെയും അനുചരന്മാരെയും ക്രൂരമായി മർദിക്കുകയും സ്വന്തം നാട്ടിൽനിന്ന് അവരെ ആട്ടിപ്പുറത്താക്കുകയും ചെയ്ത നഗരവാസികൾ, പ്രവാചകൻ തങ്ങൾക്കെതിരെ സ്വീകരിക്കാൻ പോകുന്ന നടപടിയെന്തായിരിക്കുമെന്നറിയാൻ ആകാംക്ഷയോടെ ഉറ്റുനോക്കി. അവരോട് പ്രവാചകൻ പറഞ്ഞതിപ്രകാരമായിരുന്നു: "ഇന്ന് നിങ്ങളുടെ പേരിൽ ശിക്ഷാനടപടിയൊന്നുമില്ല; പൊയ്ക്കൊള്ളൂ! നിങ്ങൾ സ്വതന്ത്രരാണ്!" മക്കാവിജയത്തോടെ (ക്രിസ്ത്വബ്ദം: 630) പ്രവാചകൻ അറേബ്യയിലെ അനിഷേധ്യ ഭരണാധികാരിയായി. കഅ്ബാ സന്ദർശനാനന്തരം അദ്ദേഹവും അനുചരന്മാരും മദീനക്ക് തിരിച്ചു. ഹിജ്റ പത്താംവർഷം വീണ്ടും തീർഥാടനാർഥം മക്കയിലെത്തി. അന്നത്തെ ഹജ്ജ്‌വേളയിൽ ഒരു ലക്ഷത്തോളം വരുന്ന അനുയായികളെ അഭിസംബോധനചെയ്ത് അദ്ദേഹം ചെയ്ത പ്രസംഗം ഇസ്‌ലാമിന്റെ മനുഷ്യാവകാശപ്രഖ്യാപനമായിരുന്നു. ഹജ്ജിനുശേഷം മദീനയിലേക്ക് മടങ്ങിയ നബി മൂന്ന് മാസമേ ജീവിച്ചുള്ളൂ. ഹിജ്റ പത്താം വർഷം (ക്രിസ്ത്വബ്ദം: 632) റബീഉൽഅവ്വൽ മാസം പന്ത്രണ്ടാം ദിവസം തിങ്കളാഴ്ച പത്നി ആഇശയുടെ മടിയിൽ തലവച്ച് ആ മഹാപ്രവാചകൻ അന്ത്യശ്വാസം വലിച്ചു.

## വ്യക്തിത്വം

മുഹമ്മദ്നബിയുടെ വ്യക്തിത്വം കുടികൊള്ളുന്നത് അദ്ദേഹം ഒരു ദൈവദൂതനായിരുന്നു എന്ന വസ്തുതയിലാണ്. അദ്ദേഹം സ്വയം അവകാശപ്പെട്ടതും പരിചയപ്പെടുത്തിയതും അങ്ങനെയാണ്. വിശുദ്ധ ഖുർആൻ അദ്ദേഹത്തെ വിളിക്കുന്നതും അങ്ങനെത്തന്നെ. ഇതരപ്രവാചകന്മാരെ പേരെടുത്തു വിളിച്ച ഖുർആൻ മുഹമ്മദ്നബിയെ 'ഹേ, നബീ' എന്നേ വിളിക്കുന്നുള്ളൂ. ആദ്യവും അവസാനവും അദ്ദേഹം ദൈവദൂതനായിരുന്നു.

പക്ഷേ, അദ്ദേഹം മനുഷ്യനായ ദൈവദൂതനായിരുന്നു. മതാചാര്യന്മാരെയും ആത്മീയനേതാക്കളെയും കുറിച്ചുള്ള ഏതൊരു ചിന്തയും ചെന്നെത്തുന്നത് അവരുടെ ദിവ്യത്വപരിവേഷത്തിലാണ്. ശാസ്ത്രവൈജ്ഞാനികപുരോഗതി കൈവരിച്ച ആധുനികലോകത്തു പോലും മനുഷ്യദൈവങ്ങൾക്ക് പഞ്ഞമില്ലല്ലോ. പതിനാലു നൂറ്റാണ്ടുകൾക്കു മുമ്പത്തെ കഥ പിന്നെ പറയാനുണ്ടോ? പക്ഷേ, താൻ ദൈവദൂതനാണെന്നവകാശപ്പെട്ട് മുഹമ്മദ് നബി ഒരു കാര്യം ഊന്നിപ്പറഞ്ഞു: താനൊരു മനുഷ്യനാണ്. ദൈവമല്ല; മാലാഖയുമല്ല. തനിക്ക് ദിവ്യത്വത്തിന്റെ പരിവേഷമോ സിദ്ധികളോ ഇല്ല. ഇക്കാര്യം ഉറക്കെ പ്രഖ്യാപിക്കാൻ വിശുദ്ധഖുർആൻ നബിയോട് ആവശ്യപ്പെടുന്നു: "പ്രവാചകരേ, പറയുക. ഞാൻ നിങ്ങളെപ്പോലുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു. നിങ്ങളുടെ ദൈവം ഏകദൈവമാണെന്ന് എനിക്ക് ദിവ്യബോധനം ലഭിക്കുന്നു" (18:110). അതായത് അദ്ദേഹം മനുഷ്യനായിരുന്നുവെങ്കിലും സാധാരണ മനുഷ്യനായിരുന്നില്ല. ദൈവദൂതനായ മനുഷ്യനാകുന്നു. ദിവ്യബോധനം നൽകപ്പെടുന്നതിനാൽ കൂടുതൽ ഉത്തരവാദിത്വങ്ങളുള്ള മനുഷ്യൻ. ഒരു മനുഷ്യദൈവമാകാൻ അദ്ദേഹം ലക്ഷ്യമിട്ടിരുന്നെങ്കിൽ എളുപ്പം സാധിച്ചേനെ. പക്ഷേ, അതിനുള്ള നേരിയ സാധ്യത ശങ്കിച്ച ആദ്യാവസരത്തിൽതന്നെ അദ്ദേഹം അത് തള്ളിപ്പറഞ്ഞു. തന്റെയൊരു മകൻ മരിച്ചതും സൂര്യഗ്രഹണമുണ്ടായതും യാദൃച്ഛികമായി ഒരേ ദിവസം. പ്രവാചകപുത്രന്റെ നിര്യാണമാണ് ഗ്രഹണകാരണമെന്ന് ധരിച്ച അനുചരന്മാരെ അദ്ദേഹം ഉടനെ തിരുത്തി: "ആരുടെയെങ്കിലും ജനനമോ മരണമോ പ്രമാണിച്ച് സൂര്യചന്ദ്രാദികൾക്ക് ഗ്രഹണം ബാധിക്കില്ല!"

മനുഷ്യനായ പ്രവാചകൻ എന്ന പോലെത്തന്നെ മനുഷ്യരുടെ പ്രവാചകനുമായിരുന്നു മുഹമ്മദ്നബി. ഒരു പ്രത്യേക ദേശക്കാർക്കോ വർഗക്കാർക്കോ വേണ്ടി നിയുക്തനായ പ്രവാചകനായിരുന്നില്ല. "ലോകജനതയ്ക്ക് മുഴുവനുമായിട്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല", "മുഴുലോകത്തിനും അനുഗ്രഹമായിട്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല"- എന്നിങ്ങനെയാണ് വിശുദ്ധഖുർആൻ മുഹമ്മദ്നബിയെ പരിചയപ്പെടുത്തുന്നത്. അദ്ദേഹത്തിനു മുമ്പ് നിയുക്തരായ ദൈവദൂതന്മാരുടെ പ്രവർത്തനമേഖല അവരവരുടെ സമുദായങ്ങളായിരുന്നു. പക്ഷേ, മുഹമ്മദ്നബി അറബികൾക്കോ മുസ്‌ലിംകൾക്കോ മാത്രമായി നിയോഗിക്കപ്പെട്ടയാളല്ല. മുഹമ്മദ്നബിയിലൂടെ അവതീർണമായ വിശുദ്ധഖുർആനിലെവിടെയും 'അറബികളേ' എന്നോ 'മുസ്‌ലിംകളേ' എന്നോ ഒരഭിസംബോധനയില്ല. ഉള്ളത് 'മനുഷ്യരേ' എന്നും 'വിശ്വാസികളേ' എന്നും 'അവിശ്വാസികളേ' എന്നുമാണ്. ശുദ്ധ അറബിയായിരുന്നിട്ടു

കൂടി 'അറബിക്ക് അറബികളല്ലാത്തവരേക്കാൾ ഒരു ശ്രേഷ്ഠതയും അവകാശപ്പെടാനില്ല- ദൈവഭക്തിയുടെ അടിസ്ഥാനത്തിലല്ലാതെ' എന്ന് പ്രഖ്യാപിച്ച ദൈവദൂതനാണ് മുഹമ്മദ്നബി.

മുഹമ്മദ്നബിയുടെ ബഹുമുഖവ്യക്തിത്വം, അദ്ദേഹത്തെ നിഷ്പക്ഷമായി പഠിക്കാൻ ശ്രമിച്ചിട്ടുള്ള പാശ്ചാത്യരും പൗരസ്ത്യരുമായ ചിന്തകരെ അമ്പരപ്പിച്ചിട്ടുണ്ട്. അത്രമാത്രം വൈവിധ്യം നിറഞ്ഞതാണ് ആ വ്യക്തിത്വം. ലോകം നാളിതുവരെ കണ്ടിട്ടും കേട്ടിട്ടുമുള്ള സകല സദ്ഗുണങ്ങളും ഒരിടത്ത് ഒരേ വ്യക്തിയിൽ സമ്പൂർണമായും സമ്മേളിച്ചതിന്റെ ഒരേയൊരു മാതൃകയാണ് മുഹമ്മദ് നബി. അതിൽ ഏതെങ്കിലും ഒരു വശത്തെ തെളിയിച്ചുകാട്ടുക അസാധ്യമാക്കുമാറ് വിസ്മയകരമാംവിധം വൈവിധ്യമാർന്നതാണ് പ്രവാചകവ്യക്തിത്വം. ചരിത്രം ജീവിതകഥ രേഖപ്പെടുത്തിവച്ച യുഗപുരുഷന്മാരാരിലും കാണാത്ത വൈവിധ്യമാർന്ന സവിശേഷതകൾ. ഒരു ഉപഭൂഖണ്ഡം മുഴുവൻ സ്വന്തം ചൊൽപ്പടിയിലായപ്പോഴും അദ്ദേഹം പരമാധികാരം അവകാശപ്പെട്ടില്ല. വിനയാന്വിതനായ ഒരു ദൈവദാസനായിരിക്കാനാണ് ഇഷ്ടപ്പെട്ടത്. യേശുവിന്റെ അനുയായികൾ അദ്ദേഹത്തെ പുകഴ്ത്തി ദൈവമാക്കിയതുപോലെ തന്നെ പുകഴ്ത്തരുതെന്ന് അദ്ദേഹം അനുയായികളെ ഉണർത്തി. താൻ ദൈവത്തിന്റെ ദാസനാണ്. പിന്നെ ദൂതനും. കോടികൾ വിലമതിക്കാവുന്ന സമ്പത്തിന്റെ കൈകാര്യാവകാശമുണ്ടായിരുന്നപ്പോഴും ദരിദ്രനായിത്തന്നെ ജീവിച്ചു, പട്ടിണികിടന്നു. ഈത്തപ്പനയോലയുടെ തലയിണയിൽ തലവച്ച് പരുപരുത്ത പനയോലപ്പായയിൽ കിടന്നുറങ്ങി. ആയിരക്കണക്കിന് അനുയായികൾ പോരാടിമരിക്കാൻ കാത്തുനിൽക്കുമ്പോഴും അവരുടെ വിമർശനത്തിന് ശരവ്യമായിക്കൊണ്ടുതന്നെ ഉടമ്പടിയൊപ്പുവയ്ക്കാൻ മാത്രം സമാധാനപ്രിയനായി അദ്ദേഹത്തെ നാം കാണുന്നു. എത്രമാത്രം നിർഭയനായിരുന്നുവോ അത്രതന്നെ ദയാലുവുമായി മക്കാവിജയഘട്ടത്തിൽ നാമദ്ദേഹത്തെ ദർശിക്കുന്നു. തന്നോട് ശത്രുത പുലർത്തുന്നവർക്കും തന്നെ പീഡിപ്പിച്ചവർക്കും ദൈവാനുഗ്രഹത്തിനു വേണ്ടി അദ്ദേഹം പ്രാർഥിച്ചു.

ജീവിതത്തിന്റെ വൈവിധ്യമാർന്ന മേഖലകളിലെല്ലാം ഒരു മാതൃകാപുരുഷനാണദ്ദേഹം. സത്യസന്ധത അതിൽ ഒന്നാം സ്ഥാനത്തുനിൽക്കുന്നു. ഒരു പ്രവാചകനിൽ നാം വിശ്വസിക്കുന്നതിന്റെ മാനദണ്ഡം അദ്ദേഹത്തിന്റെ സത്യസന്ധതയാണ്. ദൈവദൂതനായ മുഹമ്മദ് ചെറുപ്പത്തിൽ അത് സാധിച്ചു. അറബികൾക്കിടയിൽ അദ്ദേഹം 'അൽ അമീനാ'യിരുന്നു. കഅ്ബയുടെ പുനർനിർമാണവേളയിൽ 'കറുത്ത ശില' യഥാസ്ഥാനത്ത് വയ്ക്കുന്നത് സംബന്ധിച്ച് ഉളവായ തർക്കം ഗോത്രങ്ങൾ തമ്മിലുള്ള യുദ്ധത്തിന്റെ വക്കിലെത്തിയപ്പോൾ അവിടെയെത്തിയ മുഹമ്മദിനെ അവർ ഏകകണ്ഠമായി മധ്യസ്ഥനായി സ്വീകരിച്ചത് അദ്ദേഹം 'അൽഅമീനാ'യതുകൊണ്ടായിരുന്നു. സ്വഫാപർവതത്തിന്റെ മുകളിൽ കയറിനിന്ന്, അതിന്റെ പുറകിൽനിന്ന് വരുന്ന അശ്വസൈന്യത്തിന്റെ കഥ അവർ വിശ്വസിച്ചത് അത് പറയുന്ന ആൾ അവർക്ക് 'അൽഅമീനാ'യതുകൊണ്ടായിരുന്നു. ഈ വിശ്വസ്തത ജീവിതാന്ത്യംവരെ അദ്ദേഹം നിലനിർത്തി.

താൻ കൈവച്ച മേഖലകളിലെല്ലാം അദ്ദേഹം വിജയിച്ചു. ലോകത്തിലെ ഏറ്റവും സ്വാധീനശക്തിയുള്ള വ്യക്തികളുടെ പട്ടികയിൽ മുഹമ്മദിനെ പ്രഥമസ്ഥാനത്തിരുത്തിയ മൈക്ക്ൾ എച്ച്. ഹാർട്ടിന്റെ വാക്കുകളിൽ 'മതപരവും ഭൗതികവുമായ തലങ്ങളിൽ ഏറ്റവും വിജയം കൈവരിച്ച വ്യക്തി അദ്ദേഹം മാത്രമായിരുന്നു'. 'തനിക്കുപരി, മറ്റൊരായുധമോ മരുഭൂമിയുടെ ഒരു മൂലയിൽ വസിച്ചിരുന്ന ഏതാനും അംഗുലീപരിമിതരായ വ്യക്തികളോ അല്ലാതെ മറ്റു സഹായമൊന്നും മുഹമ്മദിനുണ്ടായിരുന്നില്ല. അന്തിമമായി, അതുപോലെ ലോകത്ത് മഹത്തരവും സ്ഥിരപ്രതിഷ്ഠവുമായ ഒരു വിപ്ലവം മറ്റൊരു വ്യക്തിയും സൃഷ്ടിച്ചിട്ടില്ല"- ലാമാർട്ടിന്റേതാണീ വാക്കുകൾ. അദ്ദേഹം തുടരുന്നു: "തത്ത്വജ്ഞാനി, പ്രസംഗകൻ, ദൈവദൂതൻ, നിയമനിർമാതാവ്, പോരാളി, ആശയങ്ങളുടെ ജേതാവ്, അബദ്ധസങ്കൽപങ്ങളിൽനിന്ന് മുക്തമായ ആചാരവിശേഷങ്ങളുടെയും യുക്തിബന്ധുരമായ വിശ്വാസപ്രമാണങ്ങളുടെയും പുനഃസ്ഥാപകൻ, ഇരുപത് ഭൗതികസാമ്രാജ്യങ്ങളുടെയും ഒരു ആത്മീയസാമ്രാജ്യത്തിന്റെയും സംസ്ഥാപകൻ-അതായിരുന്നു മുഹമ്മദ്. മനുഷ്യമഹത്വത്തിന്റെ എല്ലാ മാനദണ്ഡങ്ങളും പരിഗണിക്കുമ്പോൾ നാം വ്യക്തമായും ചോദിച്ചേക്കാം, മുഹമ്മദിനേക്കാൾ മഹാനായ മറ്റുവല്ല മനുഷ്യനുമുണ്ടോ?" (ഉദ്ധരണം: *പ്രബോധനം മുഹമ്മദ്നബി വിശേഷാൽ പതിപ്പ്* ജനുവരി 1987).

## മുഹമ്മദ് നബിയും ഖുർആനും

മുഹമ്മദ്നബി ഖുർആന്റെ സ്രഷ്ടാവോ രചയിതാവോ അല്ല. അദ്ദേഹം ഒരിക്കലും അങ്ങനെ അവകാശപ്പെട്ടിട്ടില്ല. മറിച്ച് ഖുർആൻ ആവർത്തിച്ചാണയിടുന്നത് അത് ദൈവത്തിൽനിന്ന് ജിബ്രീൽ എന്ന മാലാഖ മുഖേന ദിവ്യബോധനമായി മുഹമ്മദിന് അവതരിച്ചതാണ് എന്നത്രെ. ഹിറാഗുഹയിലെ ധ്യാനത്തിന്റെ നാളുകളിലാണ് അതാരംഭിച്ചത്. പിന്നീട് 23 വർഷക്കാലം കൊണ്ടാണ് അത് പൂർത്തിയായത്. ഇത്രയും ദീർഘമായ കാലത്ത് ഒരിക്കൽപോലും ഖുർആൻ തന്റെ വകയാണെന്ന് ധ്വനിപ്പിക്കുന്ന ഒരു പദം പോലും അദ്ദേഹത്തിൽനിന്ന് അബദ്ധത്തിൽപോലും വരികയുണ്ടായില്ല. ദിവ്യാത്ഭുതങ്ങൾ കാണിക്കാത്ത പ്രവാചകനായിരുന്നു അദ്ദേഹം. ഒരേയൊരു ദിവ്യാത്ഭുതമേ അദ്ദേഹത്തിന്റെ വശം ഉണ്ടായിരുന്നുള്ളൂ. അത് ഖുർആനാണ്. ഖുർആൻ മുഹമ്മദിന്റെ സ്വന്തം സൃഷ്ടിയാണെന്നും അദ്ദേഹം അത് മറ്റു ചിലരിൽനിന്ന് പകർത്തിയതാണെന്നും മറ്റും ശത്രുക്കൾ ആരോപിച്ചപ്പോൾ അതുപോലെ മറ്റൊരു ഗ്രന്ഥം , അല്ലെങ്കിൽ പത്തു വാക്യങ്ങൾ, അതുമല്ലെങ്കിൽ ഖുർആനിലെ ഏറ്റവും ചെറിയ അധ്യായത്തിനു തുല്യമായത് രചിച്ചുകൊണ്ടുവരാൻ ഖുർആൻ തന്നെ അവരെ വെല്ലുവിളിച്ചു. ആ വെല്ലുവിളി ഇന്നും നിലനിൽക്കുന്നു.

മുഹമ്മദ്നബി ഖുർആന്റെ പ്രബോധനകനും അതോടൊപ്പം അതിന്റെ പ്രായോഗികവ്യാഖ്യാതാവുമാണ്. ഖുർആൻ പൊതുവായി പറയുന്ന തത്ത്വങ്ങൾ ജീവിതത്തിൽ എങ്ങനെ പ്രയോഗവത്കരിക്കണം എന്ന് സ്വന്തം ജീവിതത്തിലൂടെ കാണിച്ചുകൊടുക്കുക എന്ന ബാധ്യതയാണ് പ്രവാചകൻ നിർവഹിച്ചത്. നമസ്കരിക്കാനും സകാത്ത് കൊടുക്കാനും മറ്റുമുള്ള പൊതുവായ കൽപനകളേ ഖുർആനിലുള്ളൂ. എങ്ങനെ നമസ്കരിക്കണമെന്നും എന്തിനെല്ലാം എത്ര അളവിൽ സകാത്ത് കൊടുക്കണമെന്നും വിവരിക്കുന്നത് ദൈവദൂതനാണ്. ജനങ്ങൾക്ക് ദൈവത്തിൽനിന്ന് അവതരിപ്പിക്കപ്പെട്ടത് അവർക്ക് വിശദീകരിച്ചുകൊടുക്കുകയെന്നത് പ്രവാചകനിയോഗത്തിന്റെ ഉദ്ദേശ്യങ്ങളിൽപെടുന്നുവെന്ന് ഖുർആൻ തന്നെ ഒരിടത്ത് പരാമർശിക്കുന്നുണ്ട്.

*ഓൺ ഹീറോസ് ആന്റ് ഹീറോ വർഷിപ്പ്* എന്ന ഗ്രന്ഥത്തിൽ തോമസ് കാർലൈൽ മുഹമ്മദ്നബിയെക്കുറിച്ചെഴുതിയ ഏതാനും വരികൾ അവസാനമായി ഉദ്ധരിക്കട്ടെ: "ഈ മനുഷ്യൻ ഉരുവിട്ടത് കഴിഞ്ഞ 1200 വർഷങ്ങളായി (1840-ൽ എഴുതിയത്) പതിനെട്ട് കോടി മനുഷ്യരുടെ ജീവിതത്തിന് മാർഗദർശനമായിരുന്നു. ഈ പതിനെട്ടുകോടിയും നമ്മെപ്പോലെത്തന്നെ ദൈവത്തിന്റെ സൃഷ്ടികളാണല്ലോ. ഇപ്പോൾതന്നെ മറ്റേതു വാക്കിലും വിശ്വസിക്കുന്നതിനേക്കാൾ കൂടുതൽ ദൈവസൃഷ്ടികൾ മുഹമ്മദിന്റെ വാക്കിൽ വിശ്വസിക്കുന്നു. സർവശക്തന്റെ ഇത്രയധികം സൃഷ്ടികൾ ജീവിതത്തിലും മരണത്തിലും അനുസരിച്ച ഇത് ഒന്നിനുംകൊള്ളാത്ത ഒരാത്മീയ ചെപ്പടിവിദ്യയായിരുന്നുവെന്നാണോ നാം വിചാരിക്കേണ്ടത്? എന്നെ സംബന്ധിച്ചേടത്തോളം ആ വിചാരം സാധ്യമേയല്ല..... പക്ഷേ, ഒരു മഹദ്വ്യക്തിയെപ്പറ്റി ഞാൻ വിശേഷിച്ചും ഉറപ്പിച്ചുപറയും, അയാൾ സത്യസന്ധനാവാതെ വയ്യെന്ന്..... മൗനിയും മഹത്തുമായ ഒരാത്മാവ്; ആത്മാർഥരാവാതിരിക്കാൻ പറ്റാത്തവരിൽ ഒരാളായിരുന്നു അദ്ദേഹം........."

■